**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സംസ്ഥാനത്ത് എല്ലായിടത്തും വികസനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തെ വിവിധ ജില്ലകൾക്കിടയിൽ വികസന കാര്യങ്ങളിലും വിഭവങ്ങളുടെ വിതരണ കാര്യങ്ങളിലും നിലനിൽക്കുന്ന അസമത്വം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ വിവിധ ജില്ലകൾക്കിടയിലും പ്രദേശങ്ങൾക്കിടയിലും നിലനിൽക്കുന്ന വികസന വ്യത്യാസങ്ങൾ കുറയ്ക്കുന്നതിനായി സർക്കാർ വിവേകപൂർവ്വവും ഘട്ടംഘട്ടമായും ആസൂത്രണം ചെയ്തിരിക്കുന്ന ഇടപെടലുകൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഓരോ പ്രദേശത്തിന്റെയും സവിശേഷതകളും സാധ്യതകളും പരിഗണിച്ചുള്ള വികസന സമീപനമാണ് സ്വീകരിക്കുന്നത്. ഇതിന്റെ ഭാഗമായി വയനാട് ട്രൈബൽ സർവകലാശാലയും തദ്ദേശീയ വിജ്ഞാന മേഖലയും സ്ഥാപിക്കൽ, വയനാട്ടിലെ ആദിവാസി മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സുൽത്താൻ ബത്തേരിയിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കൽ, തുറമുഖ-മാരിടൈം സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന മിഷൻ സമുദ്ര, ദക്ഷിണ കേരള സാമ്പത്തിക ഇടനാഴി, കേരള അർബൻ ഗ്രോത്ത് മിഷൻ, കേരള എം.എസ്.എം.ഇ. ഗ്രോത്ത് സ്കീം, ഇൻവെസ്റ്റ് കേരളം സംവിധാനം തുടങ്ങിയ പ്രദേശികവും മേഖലാധിഷ്ഠിതവുമായ പദ്ധതികൾ സർക്കാർ പരിഗണിച്ചുവരുന്നു. വികസനത്തിന്റെ ഫലങ്ങൾ ഏതാനും പ്രദേശങ്ങളിൽ മാത്രം കേന്ദ്രീകരിക്കാതെ എല്ലാ വിഭാഗങ്ങളിലേക്കും എല്ലാ പ്രദേശങ്ങളിലേക്കും എത്തിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്.

**(ബി)** വിദ്യാഭ്യാസം,ആരോഗ്യം,പശ്ചാത്തല വികസനം എന്നിവ സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും തുല്യമായി ലഭിക്കുന്നുവെന്നുറപ്പ് വരുത്തുന്നതിന് ആവശ്യമായ പഠനം നടത്തി നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** വിദ്യാഭ്യാസം, ആരോഗ്യം, പ്രാദേശിക വികസനം എന്നീ മേഖലകളിലെ സേവനലഭ്യതയും ഗുണനിലവാരവും എല്ലാ പ്രദേശങ്ങളിലും ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ പഠനങ്ങളും അവലോകനങ്ങളും നടത്തി നടപടി സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ വയനാട്, കാസർഗോഡ്, ഇടുക്കി എന്നീ പിന്നാക്ക ജില്ലകൾക്കായുള്ള പ്രത്യേക പാക്കേജുകളുടെ കീഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനമാർഗങ്ങൾ എന്നിവയ്ക്ക് മുൻഗണന നൽകിക്കൊണ്ടുള്ള വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസ മേഖലയിൽ കേരള നോളജ് വാലി, വയനാട് ട്രൈബൽ സർവകലാശാല, സ്കൂൾ അടിസ്ഥാന സൗകര്യങ്ങളുടെ ശാസ്ത്രീയ ആസൂത്രണം, പുതിയ സർക്കാർ

കോളേജുകൾ തുടങ്ങിയ ഇടപെടലുകൾ സർക്കാർ ആസൂത്രണം ചെയ്തിട്ടുണ്ട്. ആരോഗ്യ മേഖലയിൽ കേരള ഹെൽത്ത് ആൻഡ് ലൈഫ് സയൻസ് സിറ്റി, റീച്ച് കേരള പദ്ധതി, മെഡിക്കൽ കോളേജുകളിലെ സൗകര്യവികസനം, കുടിവെള്ള ഗുണനിലവാര പരിശോധനാ സംവിധാനങ്ങൾ എന്നിവ വഴി സേവനലഭ്യത മെച്ചപ്പെടുത്തും. പ്രാദേശിക വികസനത്തിന്റെ ഭാഗമായി നഗരവികസനം, ഗ്രാമവികസനം, ജലവിതരണം, മാലിന്യനിർമ്മാർജനം, ദുരന്ത പ്രതിരോധ ശേഷി, ഗതാഗത ബന്ധം, തൊഴിൽസൃഷ്ടി എന്നിവ സംയോജിപ്പിച്ചുള്ള സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്.

**(സി)** ജനസംഖ്യാടിസ്ഥാനത്തിൽ ജില്ല, താലൂക്ക്, വില്ലേജ്, പഞ്ചായത്ത് എന്നിവയുടെ വിഭജനവും പുനഃക്രമീകരണങ്ങളും സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**മറുപടി:** ജനസംഖ്യ, ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, ഭരണസൗകര്യം, സേവനലഭ്യത, പ്രദേശിക വികസന ആവശ്യങ്ങൾ എന്നിവ പരിഗണിച്ച് ജില്ല, താലൂക്ക്, വില്ലേജ്, പഞ്ചായത്ത് തലങ്ങളിലെ ഭരണപരമായ പുനഃക്രമീകരണ ആവശ്യങ്ങൾ ആവശ്യമായിടത്ത് പരിശോധിക്കുന്നതാണ്. എന്നാൽ, ഭരണപരമായ പുനഃക്രമീകരണം മാത്രമല്ല, നിലവിലുള്ള ഭരണസംവിധാനങ്ങളിലൂടെ തന്നെ സേവനങ്ങൾ ജനങ്ങളിലേക്ക് കൂടുതൽ വേഗത്തിലും കാര്യക്ഷമമായും എത്തിക്കുക എന്നതും സർക്കാരിന്റെ പ്രധാന ലക്ഷ്യമാണ്. അതിനായി തദ്ദേശ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തൽ, പ്രദേശിക വികസന പദ്ധതികളുടെ ഏകോപനം, അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, പിന്നാക്കവും ദുർബലവുമായ പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകൽ എന്നിവയ്ക്ക് സർക്കാർ നടപടി സ്വീകരിക്കുന്നതാണ്. സെൻസസ് നടപടികൾ പൂർത്തിയായതിനു ശേഷം വിശദമായ ചർച്ചകൾ നടത്തി സർക്കാർ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**